80

# കർത്താവിനായി എല്ലാം സാഹസപ്പെടുത്തൽ

## മത്തായി 25:14-30, ഒരടുത്ത നോട്ടം

അവനെ ആദ്യം കേട്ടവർക്ക്, ക്രിസ്തുവിന്റെ ഉപദേശം അധികവും അമ്പരപ്പിക്കുന്നതും, ഞെട്ടിപ്പിക്കുന്നതുപോലും ആയിരുന്നു. അതുപോലെയുള്ള ഒന്നായിരുന്നു താലന്തുകളുടെ ഉപമ.

തന്റെ മടങ്ങിവരവിന് വേണ്ടി കാത്തിരിക്കുമ്പോൾ അവർ *തിരക്കുള്ള*വരാകേണ്ടതിനായിരുന്നു ശിഷ്യന്മാരെ ക്രിസ്തു ആ ഉപമ പഠിപ്പിച്ചത്.[1] അതു രേഖപ്പെടുത്തിയത് ആത്മാവ് നയിച്ചുകൊണ്ടായിരുന്നു കാരണം, അപ്പൊസ്തലന്മാരോടൊപ്പം, കർത്താവിന്റെ എല്ലാ അനുയായികളെയും അത് ഓർപ്പിക്കേണ്ടിയിരുന്നു. സഭ ആരംഭിച്ച് ഏതാണ്ട് മുപ്പതു വർഷങ്ങൾക്ക് ശേഷമായിരുന്നു മത്തായി തന്റെ സുവിശേഷവിവരണം എഴുതിയത്.[2] അപ്പോഴും ആവേശകരമായ സംഭവങ്ങൾ നടന്നുകൊണ്ടിരുന്നു.[3] എന്നാൽ, ക്രിസ്ത്യാനികളുടെ രണ്ടാം–തലമുറ ആരംഭിക്കേണ്ട സമയം കഴിഞ്ഞിരുന്നു. ചില ഇടവകകൾ ഒരുപക്ഷെ അവരുടെ ആരംഭ എരിവ് നിർത്തി ആഴ്ച്ച–തോറു–മുള്ള ഏർപ്പാടുകളിൽ മാത്രം ഒതുങ്ങിയിരിക്കുന്നതിൽ തൃപ്തരായിരുന്നേക്കാം (വെളിപ്പാട് 3:15 നോക്കുക). ഒന്നാം–നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ ഉണർത്തു–വാനായിരുന്നുതാലന്തുകളുടെ ഉപമ. അത്തരം സന്ദേശം ഇരുപത്തി–ഒന്നാം–നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്കും ആവശ്യമാണ്.

ഒരുപക്ഷെ നാം മുൻപ് കണ്ടിട്ടില്ലാത്ത ഒരു വെല്ലുവിളി കാണുവാനായി, നമുക്ക് പരിചയമുള്ള ആ സംഭവത്തെ ഒന്നാം നൂറ്റാണ്ടിലെ കണ്ണാടിയിലൂടെ പുതിയതായി ഒന്നു നോക്കി കാണാം. ഞാൻ ഈ അവതരണത്തെ "കർത്താവിന്നു വേണ്ടി എല്ലാം സാഹസപ്പെടുത്തൽ" എന്നാണ് വിളിച്ചിരിക്കുന്നത്.[4] സാഹസം എടുക്കുന്നതിനെ കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു? ശാരീരികവും[5] സാമ്പത്തികവുമായ സാഹസത്തിലേർപ്പെടുന്നത് കാണുമ്പോൾ ഒരുപക്ഷെ നിങ്ങൾ അതിശയിച്ചേക്കാം – അല്ലെങ്കിൽ, എന്നെപോലെ, തലയാട്ടി, ആളുകൾ എന്തിനാണ് ഇതെല്ലാം ചെയ്യുന്നത് എന്നു വിചാരിച്ചേക്കാം. എങ്ങനെയായാലും, അത്തരം സാഹസത്തെകുറിച്ച് നാം വിചാരപ്പെടുന്നു, നമ്മിൽ മിക്കപേരും നമ്മുടെ ദൈനന്തിന ജീവിതത്തിൽ അത്തരം സാഹസം ഒഴിവാക്കുവാനാണ് ആഗ്രഹിക്കുന്നത്. കഴിയുന്നതും, സാഹസ–രഹിതമായിരിപ്പാനാണ് നാം ഇഷ്ടപ്പെടുന്നത്. അത് അങ്ങനെയാണെന്നിരിക്കെ, കർത്താവിനുവേണ്ടി സാഹസപ്പെടുവാൻ പറയുന്നത് സുഖപ്രദമായിരിക്കുകയില്ല. എന്നിരുന്നാലും, ഈ ഉപമ പഠിപ്പിക്കുന്നത് നമ്മുടെ യജമാനനെ പ്രസാദിപ്പിക്കുവാൻ നാം അങ്ങനെ ചെയ്യണമെന്നാണ്.

ഞാൻ ഈ പഠനത്തെ നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു (അത് ഇംഗ്ലീഷിൽ എട്ട് "ആർ" ഉപയോഗിച്ചുകൊണ്ടാണ്). സാഹസം എടുക്കുവാൻ തയ്യാ

റാകാതിരുന്ന വ്യക്തിയിലാണ് നാം ശ്രദ്ധിക്കുവാൻ പോകുന്നത്: ഒരു–താലന്ത് ലഭിച്ച മനുഷ്യൻ.

## ഉത്തരവാദിത്വവും സാഹസവും (വാ.14, 15)

വലിയ സാഹസങ്ങൾ ഉൾപ്പെട്ട ഉത്തരവാദിത്വങ്ങൾ യജമാനൻ തന്റെ ദാസന്മാരെ ഏല്പ്പിക്കുന്നതായിട്ടാണ് ഉപമ ആരംഭിക്കുന്നത്. സ്വർഗരാജ്യം[6] ഒരു "മനുഷ്യൻ പരദേശത്ത് പോകുമ്പോൾ തന്റെ സമ്പത്ത് അടിമകളെ ഏല്പിച്ചതിനോട് സദൃശമാണ് ..." (വാ.14). കെജെവിയിൽ "ദാസന്മാർ" എന്നാണ്, എന്നാൽ മൂല ഗ്രന്ഥത്തിൽ "അടിമകൾ" എന്നതിനുള്ള ഗ്രീക്ക് വാക്കാണ്.[7] അവർ "അവന്റെ *സ്വന്ത* അടിമകളായിരുന്നു": അവരെ അവൻ സ്വന്തമാക്കിയതാണ്; അവർ അവനുള്ളവരായിരുന്നു.

നാം അവന്നുള്ളവരായി, *ദൈവത്തിന്റെ അടിമകളായി* നമ്മെ കണ്ടാലെ നമുക്ക് പരമാവധി ഫലം ഈ ഉപമയിൽനിന്ന് ലഭിക്കുകയുള്ളു. പൗലൊസ് എഴുതി, "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്ക് വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരിന്ത്യാർ 6:19, 20).[8] "നിങ്ങൾ വെള്ളമാകുന്ന കല്ലറയിൽനിന്ന് കയറി വരുമ്പോൾ, ഒരു മേലെഴുത്തോടുകൂടെയുള്ള കൂട്ടായ്മയിലേക്കാണ് പ്രവേശിക്കുന്നത്, 'നിങ്ങൾ നിങ്ങൾക്കുള്ളവരല്ല, *നിങ്ങളെ ഒരു വില കൊടുത്തു വാങ്ങിയതാണ്*'"[9]

### ഉത്തരവാദിത്വം

ആ മനുഷ്യൻ പരദേശത്തേക്ക് പോകുവാൻ ഒരുങ്ങിയപ്പോൾ, തന്റെ അടിമകളെ വിളിച്ചു "തന്റെ സമ്പത്ത് അവരെ ഏല്പിച്ചു" (മത്തായി 25:14)[10] അത് അസാധാരണമായിരുന്നില്ല. റോമാ സാമ്രാജ്യത്തിലെ മിക്ക ജോലികളും, അടിമകളായിരുന്നു ചെയ്തിരുന്നത്. അടിമകളെ ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലും ആക്കിയിരുന്നു.

"ആ മനുഷ്യൻ [അടിമകളിൽ, ഒരാൾക്ക്] അഞ്ചു താലന്തും[11] രണ്ടാമത്തെ ആൾക്ക്, രണ്ടും, മൂന്നാമത്തെ ആൾക്ക്, ഒന്നും ആണ് നല്കിയത് " (വാ.15). "കഴിവിന്റെ"[12] പര്യായമായി നാം ഇന്നു "താലന്തുകൾ" എന്ന വാക്ക് ഉപയോഗിക്കുന്നു, എന്നാൽ അക്കാലത്ത്, അത് ഒരു സംഖ്യയായിരുന്നു – ഒരൊറ്റ ദ്രവ്യമായിരുന്നില്ല, പക്ഷെ ഏതാനും സംഖ്യ വിലയുള്ള ലോഹമായിരുന്നു, അവ ചെറിയനാണയത്തുട്ടുകളായോ അല്ലെങ്കിൽ ബാറുകളായോ (ബുള്ള്യൻ) തൂക്കിക്കൊടുക്കുമായിരുന്നു.[13] ആ മൂന്ന് അടിമകൾക്ക് നൽകിയ താലന്തുകളുടെ കൃത്യമായ വില നമുക്ക് അറിയില്ല. "ഗ്രീക്ക്–റോമൻ താലന്തുകളുടെ തൂക്കം ... ഉദ്ദേശം 26.4 കിലോ. (58 പൗണ്ട്) മുതൽ 37.8 കിലോ. വരെ (83 പൗണ്ട്), അതു വ്യത്യസ്ത കാലയളവിൽ."[14] കൂടാതെ, താലന്ത് സ്വർണ്ണമാണോ അതോ വെള്ളിയാണോ എന്നതനുസരിച്ച് വിലയിലും വ്യത്യാസമുണ്ടാകും.[15] മത്തായി 25ൽ പറഞ്ഞിരിക്കുന്ന താലന്തിന്റെ ഏറ്റവും വലിയ വില ആറായിരം ദിനാർ ആണ്.[16] ആ വില കൃത്യമാണെന്ന് വിചാരിച്ച് – ഒരു ദിനാർ എന്നത് ഒരു സാധാരണജോലിക്കാരന്റെ ഒരു ദിവസത്തെ വേതനമാ

ണെന്ന് ഓർക്കുക (മത്തായി 20:2) – തൊഴിൽ അഭ്യസിച്ചിട്ടില്ലാത്ത ഒരു സാധാരണ തൊഴിലാളി ഇരുപതു വർഷം ജോലി ചെയ്താൽ കിട്ടുന്ന വേതനത്തിനു തുല്യമാണ് ഒരു താലന്ത്.

അതുകൊണ്ട്, ഒരു സാധാരണ തൊഴിലാളി *നൂറു* വർഷം ജോലി ചെയ്താൽ കിട്ടുന്ന വേതനമായിരുന്നു ആദ്യത്തെ അടിമയെ ഏല്പിച്ചത്! അത്തരം ഒരു തൊഴിലാളി *നാല്പതു* വർഷം ജോലി ചെയ്താൽ കിട്ടുന്നതായിരുന്നു രണ്ടാമത്തെ അടിമയെ ഏല്പിച്ചത്! അത്തരം ഒരു തൊഴിലാളി *ഇരുപതു* വർഷം ജോലി ചെയ്താൽ കിട്ടുന്നതായിരുന്നു മൂന്നാമത്തെ അടിമയെ ഏല്പിച്ചത്! ആ താലന്തുകൾക്ക് പ്രത്യേക മൂല്യം കണക്കാക്കാതെ തന്നെ, അവ നമ്മിൽ മിക്കപേരും കണ്ടിട്ടില്ലാത്തത്ര വലിയ സംഖ്യയായിരുന്നു എന്ന് ചുരുക്കി പറയാം.[17]

"ഓരോരുത്തന്റെ പ്രാപ്തിക്ക് ഒത്തവണ്ണം" ആയിരുന്നു യജമാനൻ അവർക്ക് നൽകിയത് (മത്തായി 25:15).[18] ആർക്കും കൈകാര്യം ചെയ്വാൻ കഴിയുന്നതിനപ്പുറമായോ, അല്ലെങ്കിൽ ആർക്കും പ്രാപ്തിക്ക് കുറച്ചോ നല്കിയില്ല. "എല്ലാവർക്കും തുല്യമായിട്ടായിരുന്നു നല്കിയതെങ്കിൽ അത് വലിയ അനീതിയാകുമായിരുന്നു. ഒരു–താലന്തു ലഭിച്ച ആൾക്ക് അഞ്ചു താലന്തു കൊടുത്താൽ അത് അയാൾക്ക് താങ്ങുവാൻ പറ്റാത്ത ഭാരമാകുമായിരുന്നു, അഞ്ചു–താലന്തു ലഭിച്ച ആൾക്ക് ഒരു താലന്തു കൊടുത്താൽ അത് ഒന്നും ആകുമായിരുന്നില്ല."[19]

എല്ലാവർക്കും *എന്തെങ്കിലും* ലഭിച്ചിരുന്നു എന്ന പോയിന്റ് ഞാൻ പറയട്ടെ. വാസ്തവത്തിൽ എല്ലാവർക്കും വളരെ ലഭിച്ചിരുന്നു.[20] "പോക്കറ്റിൽ ഒന്നുമില്ലാതെ ആരും യജമാനന്റെ മുറി വിട്ടുപോയില്ല"[21] എന്ന് നീൽ ലൈറ്റ്ഫുട് പറഞ്ഞു. ഞാൻ ഇതു പറയുവാൻ കാരണം, തങ്ങൾക്ക് "ഒരു–താലന്തും" ഇല്ല എന്ന് ധീരമായി പറയുന്ന ചിലർ ഉള്ളതുകൊണ്ടാണ്. ഞാൻ പറയുന്നത് നിങ്ങൾക്ക് മനസിലാക്കുവാൻ കഴിയുന്നുണ്ടെങ്കിൽ[22] നിങ്ങൾ "താലന്ത്–ഇല്ലാത്ത" വ്യക്തിയല്ല. നിങ്ങൾക്ക് കഴിവുകളും, സമയവും, അവസരങ്ങളും, ഒരുപക്ഷെ അല്പം സമ്പാദ്യവുമുണ്ടായിരിക്കും. നിങ്ങൾ ദൈവത്താൽ – സമൃദ്ധമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.[23]

ദൈവിക വരങ്ങളുടെ ഒരു പ്രയോക്താവ് എന്ന നിലക്ക്, ആ വരങ്ങളിൽ വെല്ലുവിളിയും ഉൾപ്പെട്ടിരിക്കുന്നതായി നിങ്ങൾ മനസിലാക്കണം. ഫലത്തിൽ ദൈവം നമ്മോട് പറയുന്നു, "എനിക്കുള്ളവർ, തങ്ങൾക്കുള്ളത് എന്റെ സേവനത്തിനായി ഉപയോഗിക്കണം. അവ ഞാൻ കുറച്ച് കാലത്തേക്ക് നിങ്ങളെ ഏല്പിച്ചിരിക്കുന്നു, നിങ്ങൾ അവ എന്റെ നിമിത്തം പ്രയോജനത്തിനായി ഉപയോഗിക്കണം." യജമാനൻ ഒരു വരം നമ്മെ ഏല്പിക്കുമ്പോൾ, അതോടുകൂടെ ഉത്തരവാദിത്വവും ഉൾപ്പെടുത്തിയിരിക്കുന്നു.

**സാഹസം**

എങ്ങനെയായാലും, ഉപമയിലെ യജമാനൻ തന്റെ സമ്പാദ്യങ്ങൾ ദാസന്മാരെ ഏല്പിച്ചു, ഉത്തരവാദിത്വത്തേക്കാൾ ഭാരമുള്ളവയായിരുന്നു സമ്പാദ്യങ്ങൾ പ്രതിനിധീകരിക്കുന്നത്:അതിൽ ഗൗരവമേറിയ *സാഹസവും* അടങ്ങിയിട്ടുണ്ട്. റബ്ബിമാരുടെ എഴുത്തുകൾ പറയുന്നതനുസരിച്ച്, ഒരു യജമാനൻ തന്റെ ദാസന്മാരെ വസ്തുക്കൾ ഏല്പിച്ചിട്ടുപോയാൽ, ആ ദാസന്മാർ അവ ഉപയോഗിച്ചതെങ്ങനെയെന്ന് യജമാനനോട് കണക്ക് ബോധിപ്പിക്കേ

ണ്ടതുണ്ട്. യജമാനൻ മടങ്ങി വരുമ്പോൾ, ദാസന്റെ കയ്യിൽ കുറവാണ് കാണുന്നതെങ്കിൽ, ആ കുറവ് അവൻ പരിഹരിച്ചുകൊടുക്കണം. ഇല്ലെങ്കിൽ അവനെ തടവിലാക്കും. അടിമ അവന്റെ കാര്യവിചാരകത്വം ദുരുപയോഗം ചെയ്താൽ, അടിമയെ കൊല്ലുകയും ചെയ്തേക്കാം.

ദൈവം നിങ്ങൾക്ക് നൽകിയത് നിങ്ങൾ – നിങ്ങളുടെ കഴിവുകൾ, നിങ്ങളുടെ സമയം, സമ്പാദ്യങ്ങൾ, അവസരങ്ങൾ – എന്നിവ ഉപയോഗിക്കുമ്പോൾ – അതിൽ സാഹസങ്ങളും അടങ്ങിയിട്ടുണ്ട്. തെറ്റു ചെയ്യുവാനിടയുള്ള സാഹസം, വിമർശിക്കപ്പെടുവാനുള്ള സാഹസം, പരാജയമടയുവാൻപോലും ഉള്ള സാഹസം ഉൾപ്പെടുന്നു.

## പ്രതികരണവും മൽസരവും
## (വാ.15-19)

### പ്രതികരണം

യജമാനൻ "തന്റെ യാത്രക്ക് പോയ" ശേഷം (വാ.15), "ഉടനെ[24] അഞ്ചു താലന്തു ലഭിച്ചയാൾ പോയി വ്യാപാരം ചെയ്തു വേറെ അഞ്ചു താലന്ത് സമ്പാദിച്ചു" (വാ.16). അവൻ സമയം ഒട്ടും പാഴാക്കിയില്ല, യജമാനൻ പോയ ഉടനെ, തനിക്ക് ലഭിച്ചതു ഉപയോഗിക്കുവാൻ തുടങ്ങി. ആ താലന്തുകൾ എങ്ങനെ ഉപയോഗിച്ചു എന്ന് വ്യക്തമായി എനിക്ക് അറിയില്ല. ഒരുപക്ഷെ അവൻ ഒരു ബിസിനസ് നേടിയിരിക്കാം, അതല്ലെങ്കിൽ തുറന്ന ചന്തയിൽ പോയി സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്തിരിക്കാം. എങ്ങനെയായാലും, അവൻ വ്യാപാരം ചെയ്തു അഞ്ചു താലന്തുകൾ കൂടെ നേടി. അഞ്ചു-താലന്തു ലഭിച്ചവൻ തന്റെ ഉത്തരവാദിത്വം നിറവേറ്റി. "അതുപോലെ തന്നെ രണ്ട്-താലന്ത് ലഭിച്ചവൻ രണ്ടു കൂടെ സമ്പാദിച്ചു" (വാ.17).

### മൽസരം

അതു നമ്മെ ഒരു-താലന്തു ലഭിച്ച മനുഷ്യനിലേക്ക് കൊണ്ടുവരുന്നു: "ഒന്നു ലഭിച്ചവനോ പോയി ഒരു കുഴി കുഴിച്ച് യജമാനന്റെ ദ്രവ്യം മറെച്ചു വെച്ചു" (വാ.18). യജമാനൻ പോയ ഉടനെ, ഒരുപക്ഷെ ആ മനുഷ്യൻ തന്റെ തോട്ടത്തിൽ പോയി ഒരു കുഴി കുഴിച്ച്, ആ പണം അതിലിട്ട് ദ്വാരം മുഴുവനും മൂടി കാണും. അത്തരം പരിശീലനം അന്ന് അസാധാരണമായിരുന്നില്ല.[25] ഇന്ന് നമുക്ക് ഉള്ളതുപോലെ അക്കാലത്ത് ബാങ്കുകൾ ഇല്ലായിരുന്നു; ആളുകൾ പലപ്പോഴും തങ്ങളുടെ പണം കുഴിച്ചിട്ടാണ് സൂക്ഷിച്ചിരുന്നത്.[26]

ഇത് അറിയുമ്പോൾ നിങ്ങൾ അതിശയിച്ചേക്കാം, ചിലരുടെ കാഴ്ച്ചപ്പാടിൽ, ഒരു-താലന്ത് ലഭിച്ചയാൾ ബുദ്ധിമാനും കരുതലുള്ളവനും ആണ്. റബ്ബിമാർക്കും അവരുടേതായ ഉപമകളുണ്ടായിരുന്നു. അവരുടെ ഉപമകളിൽ ഒന്ന് ഇങ്ങനെ പോകുന്നു:

> ധനവാനായ ഒരു മനുഷ്യൻ ദീർഘയാത്രക്ക് ഒരുങ്ങി. തന്റെ രണ്ടു ദാസന്മാരെ വിളിച്ച് അവൻ പറഞ്ഞു, "ഞാൻ എന്റെ സമ്പത്ത് നിങ്ങളുടെ കയ്യിൽ ഏല്പിച്ചിട്ട് പോകുന്നു." അവൻ അത് രണ്ടായി ഭാഗിച്ച് രണ്ടു പേർക്കാമായി കൊടുത്തു. ധനവാൻ പോയപ്പോൾ, ദാസന്മാരിൽ ഒരാൾ തനിക്ക് ലഭിച്ചതെല്ലാം നിക്ഷേപിക്കുകയും അതു നഷ്ടപ്പെടുകയും

ചെയ്തു. ധനവാൻ തിരിച്ചെത്തിയപ്പോൾ മറ്റെ ദാസൻ തന്നെ ഏല്പിച്ച സമ്പാദ്യം അങ്ങനെ തന്നെ തിരിച്ചേൽപ്പിച്ചു. ധനവാനു അതിൽ സന്തോഷ മുണ്ടാകുകയും അവനെ തന്റെ വീടിന്റെ നടത്തിപ്പുകാരനായി നിയമിക്കു കയും ചെയ്തു. എന്നാൽ മറ്റെ ദാസനെ മരണശിക്ഷക്ക് ഏല്പ്പിക്കുകയും ചെയ്തു.[27]

യേശുവിന്റെ ഉപദേശം ഒരുപക്ഷെ അവന്റെ ശ്രോതാക്കളെ അമ്പരപ്പി ച്ചിരിക്കുകയോ, ഞെട്ടിച്ചിരിക്കുകയോ ചെയ്തിരിക്കാമെന്ന് ഞാൻ മുൻപ് പറ ഞ്ഞുവല്ലൊ. അവന്റെ ഉപമകൾ ഏതാണ്ട് റബ്ബിമാരുടെ ഉപമകൾക്കെതിരാ യിരുന്നു. പണം-മറച്ചു വെച്ച ദാസനെ യേശു "ദൂഷ്ടനും" "മടിയനും" ആയവൻ എന്നാണ് പറഞ്ഞത്.[28]

യജമാനൻ പോയി "വളരെ കാലം കഴിഞ്ഞു" (വാ.19). അത്രയും കാലം ആ ഒരു-താലന്തു ലഭിച്ച മനുഷ്യൻ എന്തു ചെയ്തിരിക്കാമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? അവൻ ആ പണം കുഴിച്ചിട്ടതുകൊണ്ട്, അതു വ്യാപാര ത്തിനു തീർച്ചയായും ഉപയോഗിച്ചില്ല. അവൻ എങ്ങനെ സമയം ചെലവിട്ടു എന്ന് എനിക്ക് അറിയില്ല. പക്ഷെ എനിക്ക് ഇതറിയാം: അവൻ തന്റെ യജമാ നനെ സേവി*ച്ചില്ല.*

ആ ഒരു-താലന്ത് ലഭിച്ച മനുഷ്യനു സംഭവിച്ച തെറ്റ് നാം മനസിലാക്ക ണം:അനീതിയുള്ള കാര്യവിചാരകനെ പോലെ അവൻ തനിക്ക് ലഭിച്ച പണം കൊണ്ട് ധൂർത്തടിച്ചില്ല (ലൂക്കൊസ് 16:1). മുടിയനായ പുത്രൻ ചെയ്തതു പോലെ അവൻ അതുകൊണ്ട് അധാർമ്മികമായി ജീവിച്ചുമില്ല (ലൂക്കൊസ് 15:13). അനീതിയുള്ള കാര്യവിചാരകനെ പോലെ പതിനായിരം താലന്തു കട പ്പെടുത്തിയുമില്ല (മത്തായി 18:24). തനിക്ക് ലഭിച്ചത് ഉപയോഗിച്ചില്ല എന്ന *തെറ്റാണ്* അവൻ ചെയ്തത്[29] ഞാൻ ഒരു യുവ ഉപദേഷ്ടാവായിരുന്നപ്പോൾ, ഈ ഉപമയെ കുറിച്ച് ഞാൻ ഒരു പ്രസംഗം നടത്തിയിരുന്നു, അതിന്റെ പേർ "മൂന്ന് എളുപ്പമുള്ള പാഠങ്ങളിൽ നിങ്ങളുടെ ആത്മാവ് എങ്ങനെ നഷ്ടപ്പെടും." എന്റെ തീർപ്പ് ഇതായിരുന്നു: എളുപ്പത്തിൽ ആത്മാവ് നഷ്ട പ്പെടുവാനുള്ള വഴി *ഒന്നും ചെയ്യാതിരിക്കുന്നതാണ്.* അതിന് പ്രത്യേക പാട വമോ പരിശ്രമമോ ആവശ്യമില്ല. ആർക്കും ചെയ്യുവാൻ കഴിയും – അനേകം പേർ ചെയ്തുകൊണ്ടിരിക്കുന്നു.

## പ്രതിഫലങ്ങളും "കാരണങ്ങളും"
## (വാ.19-25)

**പ്രതിഫലങ്ങൾ**

"വളരെ കാലം കഴിഞ്ഞശേഷം" അവരുടെ യജമാനൻ തന്റെ ദാസന്മാ രുമായി കണക്കു തീർക്കുവാൻ വന്നു (വാ.19). നിങ്ങളും ഞാനും ദൈവ ത്തിന്റെ കാര്യവിചാരകന്മാരാണ്, ഒരു ദിവസം നമ്മുടെ യജമാനൻ മടങ്ങി വരും (പ്രവൃത്തികൾ 1:11; 1 തെസലൊനിക്യർ 4:16; പ്രവൃത്തികൾ 17:31). പിന്നെ, നാമും, നമ്മുടെ കാര്യവിചാരകത്വത്തിന് കണക്ക് ബോധിപ്പിക്കേ ണ്ടിവരും (റോമർ 14:12; 2 കൊരിന്ത്യർ 5:10; 1 കൊരിന്ത്യർ 4:2 നോക്കുക).

അഞ്ചു-താലന്തു ലഭിച്ച മനുഷ്യനെ ആയിരുന്നു ആദ്യം ഓഡിറ്റു ചെയ്തത്. അവൻ ഒരുപക്ഷെ തന്റെ വിവരം അറിയിക്കുവാൻ ആകാംക്ഷ

യോടെ ഇരുന്നിരിക്കാം. "യജമാനനേ, എന്നെ ഏല്പിച്ചതു അഞ്ചുതാലന്താ യിരുന്നു, നോക്കു, അതുകൊണ്ട് ഞാൻ അഞ്ചു കുടെ നേടി" എന്നു പറ ഞ്ഞപ്പോൾ അവന്റെ മുഖത്തെ പ്രകാശം എനിക്ക് കാണുവാൻ കഴിയുന്നു (മത്തായി 25:20). അതിന്ന് അവൻ, "നന്ന്, നല്ലവനും വിശ്വസ്തനും ആയ ദാസനേ" എന്നു പറഞ്ഞതു യജമാനൻ ഒരുപക്ഷെ ചിരിച്ചുകൊണ്ടാകാം (വാ.21).

യജമാനൻ ആ ദാസനെ എങ്ങനെ വിളിച്ചു എന്ന് ശ്രദ്ധിക്കുക. "നന്ന്, ബുദ്ധിമാനും, വിജയിയുമായ ദാസനെ എന്നല്ല," മറിച്ച് അവനെ അഭിനന്ദിച്ചത്, "നല്ലവനും വിശ്വസ്തനും ആയ ദാസനേ" എന്നുവിളിച്ചുകൊണ്ടാണ്. നമുക്ക് എല്ലാവർക്കും ബുദ്ധിമാന്മാരാകുവാൻ സാധ്യമല്ല; നമ്മിൽ പലരും വിജയി കളും ആകുകയില്ല (ലോകം കാണുന്ന വിജയം പോലെ), എന്നാൽ നമുക്ക് എല്ലാവർക്കും "നല്ലവരും വിശ്വസ്തരും" ആകുവാൻ കഴിയും. കർത്താവ് നമുക്ക് നൽകിയിരിക്കുന്നതു എടുത്തുകൊണ്ട് ഏറ്റവും നന്നായി ചെയ്യു വാൻ കഴിയും. അതാണ് കർത്താവ് ആവശ്യപ്പെടുന്നത്.[30]

ഇതു ഒരു യജമാനൻ തന്റെ *ദാസനോടു* സംസാരിക്കുന്നതാണെന്ന് ഓർക്കുക. അവന്റെ വസ്തു ആയിരുന്നു അടിമ. അവന്ന് അടിമയോട് ഒരു കടപ്പാടുമില്ല, "ഒരു നന്ദി വാക്ക്" പോലും പറയേണ്ടതായിട്ടില്ല. യേശു പറ ഞ്ഞു, ഒരു ദാസൻ തന്റെ യജമാന്റെ കല്പന അനുസരിച്ചശേഷം, അവൻ പറയണം, "ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ, ചെയ്യേണ്ടതേ ചെയ്തി ട്ടുള്ളു എന്ന് നിങ്ങളും പറവിൻ" (ലൂക്കൊസ് 17:10). ആ ഉപമയിൽ ഉദാരമ തിയായ യജമാനന്റെ ചില സ്വഭാവത്തെ സൂചിപ്പിക്കുന്നു. അവൻ ന്യായ മുള്ളവനും മറ്റുള്ളവരെ പരിഗണിക്കുന്നവനുമായിരുന്നു; അഭിനന്ദിക്കുവാ നും, പ്രതിഫലം നൽകുവാനുമുള്ള അവസരത്തിനായി നോക്കിയിരിക്കുക യായിരുന്നു അവൻ.

അഞ്ചു-താലന്ത് ലഭിച്ച മനുഷ്യനോട് അവൻ ആദ്യം പറഞ്ഞു, "നീ അല്പത്തിൽ വിശ്വസ്തനായിരുന്നു"[31] ഞാൻ നിന്നെ "അധികത്തിന്നു വിചാരകനാക്കും"[32] (മത്തായി 25:21). ന്യു ഇംഗ്ലീഷ് ബൈബിൾ പറയുന്നു, "നീ ചെറിയ കാര്യത്തിൽ വിശ്വാസയോഗ്യനാണെന്ന് തെളിയിച്ചിരിക്കുന്നു; ഞാൻ നിന്നെ വലിയ കാര്യത്തിന് വിചാരകനാക്കും." പിന്നെ അവൻ അഞ്ചു-താലന്തു ലഭിച്ച മനുഷ്യനോട് പറയുന്നു, "നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക" (വാ.21). അതു യജമാനന്റെ മടങ്ങിവര വിന്റെ ആഘോഷത്തിൽ പങ്കു ചേരുന്നതിനെ സൂചിപ്പിക്കുന്നു. അതു യജ മാനന്റെ മേശയിൽനിന്ന് ഭക്ഷിക്കുന്നതിനുള്ള ക്ഷണം കൂടെയാണ്.[33] അത്തരം ആദരവ് അടിമയെ സ്വതന്ത്രമാക്കുന്നതിനെയും വ്യക്തമാക്കുന്നു.[34]

അടുത്തത് രണ്ട്-താലന്ത് ലഭിച്ച മനുഷ്യന്റെ ഊഴമായിരുന്നു. അവനും, തന്റെ വിവരം അറിയിക്കുന്നതിന്, സന്തോഷമുള്ളവനായിരുന്നു: "യജമാന നേ, രണ്ടു താലന്തല്ലൊ എന്നെ ഏല്പിച്ചത്, ഞാൻ രണ്ട് താലന്ത് കുടെ നേടി യിരിക്കുന്നു" (വാ.22). അവനേക്കാൾ മൂന്ന് താലന്ത് കൂടുതൽ നേടിയ ആളിൽ നിന്ന് വ്യത്യസ്തമായിരിക്കും ഇവന്റെ പ്രതിഫലമെന്ന് ഒരുപക്ഷെ നാം വിചാരിച്ചേക്കാം, പക്ഷെ ഇവന്, അതേ അഭിനന്ദനവും പ്രതിഫലവു മാണ് ലഭിച്ചത്. അനവധി ഡൂപ്ലിക്കേറ്റ് വാക്യങ്ങൾ ബൈബിളിലില്ല.[35] എന്നാൽ വാക്യം 21 ഉം 23 ഉം ഒന്നുതന്നെയാണ്. അഞ്ചു-താലന്ത് ലഭിച്ചവനെ പോലെ തന്നെ രണ്ട്-താലന്ത് ലഭിച്ചവനും ഏറ്റവും നന്നായി പ്രവർത്തിച്ചു-യജമാ

നൻ ആവശ്യപ്പെട്ടതും അതായിരുന്നു. അവനോടും പറഞ്ഞു, "നന്ന്, നല്ല വനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; നിന്നെ ഞാൻ അധികത്തിന്ന് വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക" (വാ.23).

കർത്താവിന്ന് വേണ്ടി സാഹസം എടുക്കുന്നവൻ വിജയിയാണ്. നിങ്ങൾ ചെയ്യേണമെന്ന് ദൈവം ആഗ്രഹിക്കുന്ന എന്തെങ്കിലും ഉണ്ടോ? അതു ചെയ്യുവാൻ നിങ്ങൾക്ക് ഭയമുണ്ടോ? നിങ്ങൾ പരാജയത്തെ ഭയപ്പെടുന്നുണ്ടോ? എങ്ങനെയായാലും ചെയ്യുക "വിജയിക്കുന്നതും" "പരാജയപ്പെടുന്നുതും" അപ്രധാനമാണ്. പ്രധാനപ്പെട്ട കാര്യമെന്തെന്നാൽ നിങ്ങൾ ഏറ്റവും നന്നായി ചെയ്യുക എന്നതാണ്. അപ്പോൾ ദൈവം നിങ്ങളോടും പറയും, "നന്ന്, നല്ല വനും വിശ്വസ്തനുമായ ദാസനേ" (കെജെവി).

**"കാരണങ്ങൾ"**

അവസാനം ഒരു-താലന്ത് ലഭിച്ച മനുഷ്യൻ തന്റെ വിവരവുമായി വന്നു. അവൻ പുറകിലേക്ക് മാറി ഒരുപക്ഷെ ഭയത്തോടെ വന്നു നിന്നുകാണും. അവസാനം "ഒരു-താലന്ത് ലഭിച്ചവനും അടുത്ത് വന്ന്, യജമാനനേ, നീ വിതെക്കാത്തേടത്തുനിന്ന് കൊയ്യുകയും വിതറാത്തേടത്തുനിന്ന് ചേർക്കുകയും ചെയ്യുന്ന കഠിന മനുഷ്യൻ എന്ന് ഞാൻ അറിഞ്ഞു ഭയപ്പെട്ടു" (വാ.24). വിതെയുടെയും കൊയ്ത്തിന്റേയും അടിസ്ഥാനത്തിലായിരുന്നു യജമാനന്റെ പ്രഖ്യാപനരീതി. വയലുകളെ തമ്മിൽ വേർതിരിക്കുന്ന വേലികൾ ഇല്ലായിരുന്നു; വയലുകൾ തമ്മിൽ യോജിച്ചിരുന്നു. കൈകൊണ്ടായിരുന്നു വിത്തുകൾ വിതെച്ചിരുന്നത് (വിതറുക). അടിമ യജമാനനെ "കഠിന-ഹൃദയനായ-മനുഷ്യനായിട്ടായിരുന്നു" കണ്ടത്.[36] അവൻ വിലയിരുത്തിയത് "ഞാൻ വിതെക്കുമ്പോൾ, ചില വിത്തുകൾ അയൽക്കാരന്റെ വയലിൽ വീണു മുളക്കും അങ്ങനെ അയാളുടെ വയലിന്റെ ഒരു ഭാഗം കൂടെ കൊയ്താൽ മാത്രമേ ഏന്റേത് എല്ലാം ലഭിക്കുകയുള്ളു."

അത്യാഗ്രഹിയും, പിശുക്കനും, യുക്തിഹീനനും, സത്യസന്ധതയില്ലാത്തവനായി പോലും കുറ്റപ്പെടുത്തി. അത് ഒരു ശരിയായ വിലയിരുത്തൽ ആയിരുന്നോ? ഒരു താലന്ത്-ലഭിച്ച മനുഷ്യനും മുൻപ് നാം കണ്ട നല്ലവനും വിശ്വസ്തനുമെന്ന അഭിനന്ദനത്തോടുകൂടെ പ്രതിഫലം ലഭിച്ചവനും തമ്മിൽ വ്യത്യാസം ഉണ്ട്. കർത്താവിനു വേണ്ടി സാഹസപ്പെടുവാൻ മനസില്ലാത്തവർ ദൈവസ്വഭാവത്തെ പോലും ചോദ്യം ചെയ്യുന്ന അപകടത്തിലേക്ക് തിരിഞ്ഞേക്കാം. അയാളെ നമുക്ക് അന്യായമുള്ള നിയമ-മുണ്ടാക്കുന്നവനായും, കഠിന-ജോലി ചെയ്യിക്കുന്നവനായും, മതിവരാത്ത ഉഗ്രപീഢകനായും മാത്രമേ കാണുവാൻ കഴിയുന്നുള്ളു - അല്ലാതെ സ്നേഹവും മനസലിവുമുള്ള ഒരു പിതാവായി കാണുവാൻ കഴിയുകയില്ല.

"ഞാൻ ഭയപ്പെട്ടു" എന്നുകൂടെ ഒരു-താലന്ത് ലഭിച്ച മനുഷ്യൻ കൂട്ടിച്ചേർത്തു (വാ.25). ഭയമുള്ളവരോട് നമുക്ക് സഹതാപമുണ്ട്. നമ്മളെല്ലാം ചിലത് ഭയപ്പെടുന്നവരാണ്.[37] എങ്ങനെയായാലും, നാം നമ്മോട് തന്നെ ചോദിക്കണം "നാം യജമാനനെ വിശ്വസിക്കായ്കകൊണ്ടാണോ ഭയപ്പെടുന്നത്?" വെളിപ്പാട് 21:8-ൽ നഷ്ടപ്പെടുന്നവരുടെ പട്ടിക പറയുമ്പോൾ അവിടെ "ഭീരുക്കളെയും" പറയുന്നുണ്ട് (കെജെവി).[38]

"ഞാൻ ഭയപ്പെട്ടു" അടിമ പറഞ്ഞു, "ചെന്ന് നിന്റെ താലന്ത് നിലത്ത്

മറെച്ചുവെച്ചു" (വാ.25). പരാജയത്തെ ഓർത്തായിരിക്കാം അവൻ ഒരുപക്ഷെ ഭയപ്പെട്ടത്. തനിക്ക് ആ അഞ്ചുതാലന്ത് ലഭിച്ചവനെ പോലെയും രണ്ടു താലന്ത് ലഭിച്ചവനെ പോലെയും ചെയ്യുവാൻ കഴിയാത്തതുകൊണ്ടായിരിക്കാം ഭയപ്പെട്ടത്.[39] യജമാനനെ പ്രസാദിപ്പിക്കുവാൻ തനിക്ക് കഴിയാതിരുന്നതുകൊണ്ടാണ് ഭയപ്പെട്ടതെന്ന് അവൻ സമ്മതിക്കുന്നു. ഫലത്തിൽ, അവൻ പറഞ്ഞത്, "ഞാൻ വല്ലാത്ത ഒരു സാഹചര്യത്തിലായിരുന്നു ... അതുകൊണ്ട് ഞാൻ ഒന്നും ചെയ്തില്ല."

ആ മനുഷ്യൻ തന്നെ ഒഴിച്ച് മറ്റെല്ലാവരെയും കുറ്റപ്പെടുത്തി. നാം ചെറുപ്രായത്തിൽ തന്നെ മറ്റുള്ളവരെ കുറ്റപ്പെടുത്തുവാൻ ശീലിക്കുന്നു. ("*അവനാണ്* അത് ചെയ്തത്" എന്ന് അന്യോന്യം കുറ്റപ്പെടുത്തുന്ന രണ്ടു കുട്ടികളുടെ സംഭവം ഞാൻ ഓർക്കുന്നു.) ചിലർ തങ്ങളുടെ തെറ്റുകൾക്ക് മാതാപിതാക്കളെ കുറ്റപ്പെടുത്തും ചിലർ സമുഹത്തെ പറയും. ചിലർ ദൈവത്തെ പോലും പഴിക്കും. നിങ്ങളെ കുറ്റപ്പെടുത്തുവാൻ ആരെയെങ്കിലും കാണുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ കണ്ണാടിയിൽ നോക്കുക.

ഒരു–താലന്ത് ലഭിച്ച മനുഷ്യൻ അതു കൊണ്ടു വന്നു – വിലയേറിയ ലോഹം, ഇപ്പോൾ അഴുക്കും, ടാറും പുരണ്ടിരിക്കുന്നു, ദുർ–ഗന്ധവും വരുന്നുണ്ട്. അവൻ പറഞ്ഞു, "നോക്കുക, ഇതാ നിന്റേത്" (വാ.25) യജമാനൻ അതിൽ കൂടുതൽ പ്രതീക്ഷിക്കുന്നില്ല എന്ന നിലപാടോടെയാണ് കൊണ്ടുവെക്കുന്നത്.

## പ്രതികർമ്മവും ഫലങ്ങളും
## (വാ.26-30)

### പ്രതികർമ്മം

സംഭവത്തിന്റെ ദുഃഖകരമായ ഉപസംഹാരത്തിലേക്ക് നാം വന്നിരിക്കുന്നു. യജമാനൻ ആ മനുഷ്യനോടു ഉത്തരം പറഞ്ഞു, "ദുഷ്ടനും, മടിയനും ആയ[40] ദാസനേ" (വാ.26). മറ്റു രണ്ടു ദാസന്മാരെ "നല്ലവനും വിശ്വസ്തനുമായവൻ" എന്നാണ് വിളിച്ചത്. ഇവനെ വിളിച്ചത് "ദുഷ്ടനും" "മടിയനും" എന്നാണ്.

അവൻ തുടർന്നു, "ഞാൻ വിതക്കാത്തെടത്ത്നിന്ന് കൊയ്യുകയും വിതറാത്തെടത്തുനിന്ന് ചേർക്കയും ചെയ്യുന്നവൻ എന്ന് നീ അറിഞ്ഞുവല്ലോ" (വാ.26).[41] തന്റെ സ്വഭാവത്തെ ആ മനുഷ്യൻ പുകഴ്ത്തിയതിനോട് അവൻ യോജിക്കുകയായിരുന്നില്ല. മറിച്ച്, അവൻ പറഞ്ഞത്, "നിന്റെ വാക്കുകൾ തന്നെ നിന്നെ കുറ്റപ്പെടുത്തുന്നു. കാരണം, അങ്ങനെയാണ് നീ എന്നെ കാണുന്നതെങ്കിൽ, *എന്തെങ്കിലും* ചെയ്യണമെന്നുള്ള ലക്ഷ്യം ഉണ്ടാകുവാൻ അതുമതി."

യജമാനൻ പറഞ്ഞു, "നീ എന്റെ ദ്രവ്യം പൊൻ വാണിഭക്കാരെ ഏല്പ്പിക്കേണ്ടിയിരുന്നു; എന്നാൽ ഞാൻ വന്നു എന്റേത് പലിശയോടുകൂടെ വാങ്ങിക്കൊള്ളുമായിരുന്നു"[42] (വാ.27). മറ്റൊരു വാക്കിൽ പറഞ്ഞാൽ "ചുരുങ്ങിയത്, നീ ആ പണം നിക്ഷേപിക്കണമായിരുന്നു."[43] "ബാങ്ക്" എന്നത് ഗ്രീക്കിൽ നിന്ന് തർജ്ജിമ ചെയ്തത് "ബാങ്കേഴ്സ്" എന്ന വാക്കിനുവേണ്ടിയാണ് (എൻഐവി നോക്കുക) അതിനെ "റ്റേബിൾ മെൻ" എന്നും തർജ്ജിമ ചെയ്യാം.[44] അന്നു ഇന്നത്തെപ്പോലെ ബാങ്കുകൾ ഇല്ലാ എന്ന് നാം കണ്ടുവ

ല്ലോ, മിക്ക ചന്ത സ്ഥലങ്ങളിലും ഒരു മേശമേൽ നാണയങ്ങൾ ഇട്ടു "ബാങ്കർ" ഇരിക്കും. ഒരു വില കണക്കാക്കി, അയാൾ പണം മാറിക്കൊടുക്കയും[45] അല്ലെങ്കിൽ കടം ആക്കുകയോ ചെയ്യും. അയാൾ നിക്ഷേപം സ്വീകരിക്കയും അതിന് നിശ്ചിത പലിശ അവർക്ക് കൊടുക്കാമെന്ന് പറയുകയും ചെയ്യും.[46] ഒരാളുടെ കൈയിലേക്ക് പണം കൊടുക്കേണ്ടതിന് അയാളുടെ മേശ ഒരു നിമിഷത്തേക്ക് നീക്കുന്നത് സാഹസമുള്ള വ്യാപാരമാണ്; എന്നാൽ ഫലത്തിൽ, യജമാനൻ പറഞ്ഞു, "ഒന്നും ചെയ്യാതിരിക്കുന്നതിനേക്കാൾ സാഹസമാണെങ്കിൽ പ്പോലും *അതായി*രുന്നു നല്ലത്."

**ഫലങ്ങൾ**

യജമാനൻ അടുത്തുള്ള ദാസന്മാരിലേക്ക് തിരിഞ്ഞു പറഞ്ഞു, "ആ താലന്ത് അവന്റെ പക്കൽ നിന്ന് എടുത്ത് പത്തു താലന്തുള്ളവന് കൊടുപ്പിൻ'' (വാ.28). അപ്പോൾ യേശു കൂട്ടിച്ചേർത്തു പറഞ്ഞു: ''അങ്ങനെ ഉള്ളവന് ഏവനും ലഭിക്കും; അവന് സമൃദ്ധിയും ഉണ്ടാകും, ഇല്ലാത്തവനോടോ ഉള്ളതും കൂടെ എടുത്തുകളയും" (വാ.29).

"ഒരു നിമിഷം നിൽക്കുക!" ചിലർ പറഞ്ഞേക്കാം. "അതു ന്യായമല്ല! ചില നിബന്ധനകൾക്കുള്ളിലാണെങ്കിൽ അതു ശരിയായിരിക്കാം, പക്ഷേ സാധാരണ കുടുതലുള്ളവനിൽ നിന്ന് എടുത്ത് കുറവുള്ളവന് കൊടുക്കയാണ് പതിവ്. എന്നാൽ ഈ പാവം മനുഷ്യന് ഒരു താലന്ത് മാത്രമേ ഉണ്ടായിരുന്നുള്ളു. അതെടുത്ത് എന്തിനാണ് പത്തുതാലന്തുള്ളവന് കൊടുക്കുന്നത്? അത് ന്യയമേ അല്ല!" നിങ്ങൾ അതിൽ ന്യായം കണ്ടെത്തിയാലും ഇല്ലങ്കിലും, പ്രപഞ്ചനാരിഴയിലേക്ക് ബന്ധിപ്പിക്കുന്ന തത്വമാണത്–യേശു ഈ ഉപമയിൽ ചേർത്തിരിക്കുന്ന തത്വമാണത്. അതിനെ "ശോഷിക്കൽ നിയമം" എന്ന് വിളിച്ചിരിക്കുന്നു. നമുക്ക് ലളിതമായ വാക്കുകൾ ഉപയോഗിക്കാം: "അതിനെ ഉപയോഗിക്ക അല്ലെങ്കിൽ അതു നഷ്ടമാകും." നിങ്ങൾ നിങ്ങളുടെ മസിലുകൾ ഉപയോഗിച്ചില്ലെങ്കിൽ അവ ശോഷിച്ചു പോകും. നിങ്ങളുടെ സ്വഭാവിക കഴിവുകളെ ഉപയേഗിച്ചില്ലെങ്കിൽ, നിങ്ങൾക്ക് അവ നഷ്ടമാവും. നിങ്ങൾ പഠിച്ച പ്രാഗത്ഭ്യം ഉപയോഗിച്ചില്ലെങ്കിൽ, നിങ്ങളത് മറന്നു പോകും. ജീവിതത്തിന്റെ എല്ലാതുറയിലും ഈ തത്വം പ്രായോഗികമാണ്. ഒരു സൗഹൃദ ബന്ധം ഉപേക്ഷിച്ചാൽ, അതു നിങ്ങളെ കഷ്ടത്തിലാക്കും. വിവാഹത്തെ അവഗണിച്ചാൽ, അത് നാശത്തിലേക്ക് നീങ്ങിയേക്കാം.

ഒരാൾ തന്റെ ആത്മീയ വരങ്ങളെ ഉപേക്ഷയായി വിചാരിച്ചാൽ അന്തിമ ഫലം എന്തായിരിക്കും? അതിന് വാക്യം 30ൽ ഉള്ളതിനേക്കാൾ ദുഃഖകരമായ അവസ്ഥ മറ്റൊന്നില്ല. "കൊള്ളരുതാത്ത ദാസനെ പുറത്തു ഇരുട്ടിലേക്ക് തള്ളിക്കളക: അവിടെ എന്നേക്കും പല്ലുകടിയും കരച്ചിലും ആയിരിക്കും." ഒരു–താലന്ത് ലഭിച്ചവനെ ''ദുഷ്ടനും'' ''മടിയനും'' എന്നാണ് വിളിച്ചത്; ഇപ്പോൾ അവനെ ''കൊള്ളരുതാത്തവൻ" എന്നും വിളിച്ചിരിക്കുന്നു. നമ്മിൽ മിക്കപേരും ഇഷ്ടപ്പെടുന്നത് "കൊള്ളരുതാത്തവൻ" എന്നല്ല, പിന്നെയോ "ദുഷ്ടനും'' അല്ലെങ്കിൽ "മടിയനും'' എന്നു വളിക്കുവാനാണ്. എന്നിരുന്നാലും, അതാണ് ഒരാൾ തന്റെ കഴിവുകളേയും അവസരങ്ങളേയും കർത്താവിനുവേണ്ടി ഉപയോഗിക്കുന്നതിന് ഭയപ്പെട്ടുകഴിഞ്ഞാൽ സംഭവിക്കുന്നത്.

**ഉപസംഹാരം**

ഒരു നിമിഷത്തേക്ക്, നിങ്ങളുടെ മുൻപിൽ ഒരാൾ ഒരു കറുത്ത വരവ

രച്ചു പറയുന്നു എന്ന് വിചാരിക്കുക, ''അതാണ് നിങ്ങളുടെ ആത്മീയ സാഹസ രേഖ അത് – ഇപ്പോൾ തന്നെ മറികടക്കുവാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു!"[48] കർത്താവിനായി ഇപ്പോഴും നിങ്ങൾ സ്വീകരിക്കേണ്ട സാഹസങ്ങളെ പരിഗണിക്കുക. ഏതാനും പേർക്ക്, ആ കറുത്ത രേഖ ക്രിസ്ത്യാനിയായിതീരുന്നതിനെ പ്രതിനിധീകരിക്കുന്നു.[49] തന്നെ പിൻപറ്റു ന്നതിൽ സാഹസവും ഉൾപ്പെടുന്നു എന്ന് യേശു വ്യക്തമാക്കി (ലൂക്കൊസ് 9:57–62). നിങ്ങൾക്ക് സ്നേഹിതന്മാരെയോ അല്ലെങ്കിൽ കുടുംബത്തേയോ നഷ്ടമായേക്കാം (മത്തായി 10:36); ചില രാജ്യങ്ങളിൽ, നിങ്ങളുടെ ജീവൻപോലും നഷ്ടമായേക്കാം (വെളിപ്പാട് 2:10). മറ്റുള്ളവർക്ക്, തങ്ങളുടെ താലന്തുകളും കഴിവുകളും പരസ്യപ്രാർത്ഥന നയിക്കുന്നതിന്, ഒരു ക്ലാസ് എടുക്കുന്നതിന്, ഒരു പാട്ട് നയിക്കുന്നതിന്, ഒന്നു പ്രസംഗിക്കുന്ന തിന് എല്ലാം സാഹസം ഉൾപ്പെടുന്നതാണ് ആ കറുത്ത രേഖ. യജമാനനെ മുഴുവൻ സമയവും സേവിക്കേണ്ടതിന് ഒരുപക്ഷെ എല്ലാം "വിട്ട്കളയേണ്ട തായും" വന്നേക്കാം. മറ്റു ചിലർക്ക് ആ കറുത്ത രേഖ സുവിശേഷം കുടും ബത്തിലുള്ളവരോടും, സ്നേഹിതരോടും, അയൽക്കാരോടും അറിയിക്കുന്ന തിനുള്ള തടസരേഖയാകുന്നു. നിങ്ങൾ സുവിശേഷം പങ്കിടുവാൻ ഒരുങ്ങു മ്പോൾ സൗഹൃദവും ബന്ധങ്ങളും സാഹസപ്പെടുത്തേണ്ടി വരുന്നു. എത്രയോ സാഹസങ്ങളെ പ്രതിനിധീകരിക്കുന്നതാണ് ആ കറുത്ത രേഖ. നിങ്ങൾ സാഹസത്തെ നേരിടുമ്പോൾ, ദൈവം നിങ്ങളിൽനിന്ന് സാഹസം പ്രതീക്ഷിക്കുന്നു എന്ന് ഓർമ്മിക്കുക. നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്ന തെല്ലാം അവൻ നിങ്ങളിൽനിന്ന് *പ്രതീക്ഷിക്കു*ന്നു.

കർത്താവ് മടങ്ങിവരുമ്പോൾ, അവൻ നിങ്ങളെക്കുറിച്ച് ഇങ്ങനെ പറയു മോ, "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വ സ്തനായിരുന്നു, നിന്നെ ഞാൻ അധികത്തിന്ന് വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക" (മത്തായി 25:21)? അല്ലെ ങ്കിൽ അവൻ "ദുഷ്ടനും മടിയനുമായ ദാസനേ ..."; "കൊള്ളരുതാത്ത ദാസ നെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളിക്കളവിൻ" (വാ.26, 30)? *ഇന്ന്* നിങ്ങൾ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് അവൻ *അന്നു* പറയുന്നത്.

### പ്രസംഗക്കുറിപ്പുകൾ

ഈ അവതരണത്തിൽ, താലന്തുകളുടെ ഉപമയെ കുറിച്ച് മറ്റൊരു പ്രസം ഗവും നൽകുന്നുണ്ട്, അതിനെ "മൂന്ന് എളുപ്പമുള്ള പാഠങ്ങളിൽ നിങ്ങളുടെ ആത്മാവ് എങ്ങനെ നഷ്ടപ്പെടാം" എന്നു വിളിച്ചിരിക്കുന്നു. മൂന്ന് "എളുപ്പ മുള്ള പാഠങ്ങൾ" (1) നിങ്ങളുടെ താലന്ത് കുഴിച്ചിടുക, (2) അതിനെ ഉപ യോഗിക്കുവാൻ *ഭയപ്പെടു*ക, (3) ഒന്നും ചെയ്യാതിരിക്കുക. "ഞാൻ ഭയപ്പെട്ടു" എന്ന തലക്കെട്ടോടുകൂടിയതാണ് വ്യക്തിപരമായ സുവിശേഷീകരണത്തെ കുറിച്ചുള്ള എന്റെ മറ്റൊരു പ്രസംഗം.

---

**കുറിപ്പുകൾ**

[1]പാഠത്തിൽ നാം ശ്രദ്ധിച്ചതുപോലെ, താലന്തുകളുടെ ഉപമയിൽ തയ്യാറെടുപ്പിന്റെ

പ്രാധാന്യത്തെ ചിന്തിച്ചുകൊണ്ട്, നിങ്ങൾക്ക് വേണമെങ്കിൽ മത്തായി 25 ന്റെ മുഖ്യഭാഗങ്ങൾ പുനരവലോകനം നടത്താം. [2]*ക്രിസ്തുവിന്റെ ജീവിതം, 1* ലെ "മത്തായിയുടെ പുസ്തകം" എന്ന പാഠം നോക്കുക. [3]തടവിൽനിന്ന് മോചിതനായ ശേഷം, പൗലൊസ് ഒരുപക്ഷെ തന്റെ അവസാന യാത്ര നടത്തുകയും, മറ്റു ക്രിസ്ത്യാനികൾ സുവിശേഷം വ്യാപിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നേക്കാം. [4]1987 ജനുവരി 4–ന് ടെക്സാസിലെ, ഫോർട്ട്വർത്തിലുള്ള, ബ്രൗൺ ട്രെയിൽ ചർച്ച് ഓഫ് ക്രൈസ്റ്റിൽ റസ്റ്റി പീറ്റർസന്റെ പ്രസംഗത്തിൽ നിന്നാണ് ഈ ആശയം ലഭിച്ചത്. [5]ബഗ്ഗീ–ചാട്ടം, കയറിൽ തൂങ്ങി നടക്കൽ, നദിയിൽ വെച്ച് തുരുതരാ വെടിവെക്കൽ, പാരച്ചൂട്ടിൽ ഇറങ്ങൽ മുതലായവ ശാരീരിക സാഹസത്തിനുള്ള ഉദാഹരണങ്ങളാണ്. [6]കെജെവിയിൽ മത്തായി 25:14–ൽ "സ്വർഗരാജ്യം" ചരിച്ചെഴുതിയിരിക്കുന്നതു സൂചിപ്പിക്കുന്നത്, തർജിമക്കാർ കൂട്ടിച്ചേർത്തത് എന്നാണ്. മത്തായി 25:1 ഒരുപക്ഷെ മുഖവുരയായിരിക്കാം – പത്തു കന്യകമാരുടെ ഉപമക്ക് മാത്രമല്ല, താലന്തുകളുടെ ഉപമക്കും. "സ്വർഗരാജ്യം ... സാദൃശപ്പെടുത്താം" എന്നു പറഞ്ഞു കൊണ്ടാണ് മത്തായി 25:1 തുടങ്ങുന്നത്. [7]"അടിമ" എന്നതിന് ഗ്രീക്കിൽ ബഹുവചനവാക്കാണ് ഉപയോഗിച്ചിരിക്കുന്നത് (*ഡൗലൊസ്*). [8]നാം രക്തത്താൽ വിലെക്ക് വാങ്ങപ്പെട്ടവരും (പ്രവൃത്തികൾ 20:28) ആ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരുമാണ് ("മടക്കി വാങ്ങിയിരിക്കുന്നു") (1 പത്രൊസ് 1:18, 19). [9]ആവൻ മലോൺ, "ദ ക്യാരക്റ്ററിസ്റ്റിക്സ് ഓഫ് എ ഗുഡ് സ്റ്റുവേഡ്" ദ *പ്രീച്ചേഴ്സ് പീരിയോഡിക്കൽ* (ജൂലൈ 1983): 11–13. [10]അവൻ തന്റെ ദാസന്മാർക്ക് *മുഴുവൻ* സമ്പാദ്യവും കൊടുത്തോ ഇല്ലയോ എന്നതിനെ സംബന്ധിച്ച് പണ്ഡിതൻമാർ ചർച്ച ചെയ്തിട്ടുണ്ട്. വാ. 14 ലെ ഭാഷ ആ രീതിയിലും തർജ്ജിമ ചെയ്യാം നേരേ മറിച്ച്, അവൻ അങ്ങനെ ചെയ്താൽ, പിന്നീട് അവരെ "അധികത്തിന്" എങ്ങനെ വിചാരകനാക്കും (വാ.21, 23)? ഭാഗ്യവശ്ശാൽ, ആ വിശദാംശങ്ങൾ ഉപമയിലെ സന്ദേശത്തെ ബാധിക്കുന്നില്ല.

[11]മത്തായി 25:15 ലെ–*റ്റാലന്റ്റാ* എന്ന ഗ്രീക്ക് പദം മാറ്റിയ വാക്കാണ് "താലന്തുകൾ." [12]മൂലവാക്കുകൾ പഠിക്കുന്ന ചിലർ വിശ്വസിക്കുന്നത് ഉപമയിലെ താലന്തുകൾ, "താലന്ത്" "കഴിവ്" എന്ന ഉപയോഗത്തോടെ തിരിച്ചറിയാം എന്നാണ്. [13]താലന്തിന്റെ സംഖ്യ മത്തായി 18 ലെ അനീതിയുള്ള കാര്യ വിചാരകന്റെ ഉപമയിലും ഉണ്ട്, അവിടെ പറഞ്ഞിരിക്കുന്നത് "പതിനായിരം താലന്തുകൾ" എന്നാണ് (വാ.24). ആ ഉപമയിൽ, പറഞ്ഞിരിക്കുന്ന സംഖ്യ *ഒരാൾക്ക്* കൊടുത്തുതീർക്കാനുള്ള കടമായിട്ടാണ്. ("യജമാനനെ കണ്ടെത്തുക, 2," *ദ ട്രൂത്ത് ഫേർ ടുഡേ* [സെപ്റ്റമ്പർ 1994]:4). [14]ഈ. എം. കുക്ക്, "വെയ്റ്റ്സ് ആന്റ് മെഷേഴ്സ്," *ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, റവ. ജന. എഡി. ജയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി. 1988), 4:1055. [15]അത് ഒരു താലന്ത് ചെമ്പും ആകാം. [16]ഡി. എ. കാസം, "മാത്യു" *ദ എക്സ്പോസിറ്റേഴ്സ് ബൈബിൾ കമന്ററി*, വാല്യം 8, ജന. എഡി. ഫ്രാങ്ക് ഇ. ദബലൈൻ (ഗ്രാന്റ് റാപ്പിഡസ്, മൈക്ക്.: സൗണ്ടർ റാൻ പബ്ലിഷിങ്ങ് ഹൗസ്, 1984 ), 516: ജാക്ക് പി. ലൂയിസ്, *ദ ഗോസ്പൽ എക്കോഡിങ്ങ് റ്റു മാത്യു. പാർട്ട് 2* (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1976), 135. [17]ചില പ്രസിദ്ധീകരണങ്ങൾ, ആ താലന്തുകൾക്ക്, ഉദ്ദേശ വില കണക്കാക്കിയിരിക്കുന്നത് ദശാബ്ദങ്ങൾക്കും നൂറ്റാണ്ടുകൾക്കും മുമ്പുള്ള കാലഹരണപ്പെട്ടതാണ്. അതുകൊണ്ട് വില പലപ്പോഴും അത്യധികം താഴ്ന്നതായിരിക്കും. [18]"വാസ്തവത്തിൽ സ്വത്ത് വിതരണം ചെയ്തത് 'ഓരോരുത്തന്റെ ആവശ്യമനുസരിച്ച്' എന്ന മാർക്സിസ്റ്റ് സിദ്ധാന്തമനുസരിച്ചായിരുന്നില്ല, 'ഓരോരുത്തന്റെ പ്രാപ്തിക്കൊത്തവണ്ണം' ആയിരുന്നു." (ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമന്ററി ഓൺ ദ ഗോസ്പൽ ഓഫ് മാത്യു* [ആസ്റ്റിൻ, ടെക്സ്, ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ് 1968] 401). [19]ഇബിഡ്. [20]ഒരു താലന്ത് പോലും വളരെ വിലയുള്ളതാണ്. അതുപോലെ, "ഒരു–താലന്ത്"

ലഭിച്ച വ്യക്തി ഇന്നു തിരിച്ചറിയേണ്ടത് ആ ഒരു "താലന്ത്" പ്രാധാന്യമുള്ളത് ആണെന്ന ത്രേ. അയാൾക്ക് മാത്രമായിരിക്കാം ഒരു പക്ഷേ ആ താലന്തുള്ളത്. അത് ഉപയോഗിച്ചി ല്ലെങ്കിൽ, ചെയ്യേണ്ടതായ ചില ജോലികൾ ചെയ്യാതെ പോകും അല്ലെങ്കിൽ അത് ചെയ്യാൻ യോഗ്യതയില്ലാത്ത മറ്റാരെയെങ്കിലും ആക്കണം.

[21]നീൽ ആർ. ലൈറ്റ്ഫുട്, *ദ പാരബിൾസ് ഓഫ് ജീസസ്സ്*, പാർട്ട് 2 (ആസ്റ്റിൻ, ടെക്സ്: ആർ. ബി. സ്വീറ്റ് കമ്പനി., 1965), 78. [22]ഒരു പ്രസംഗത്തിൽ, ഞാൻ പറയുന്നു, "നിങ്ങൾക്ക് എന്നെ കേൾക്കാമെങ്കിൽ." [23]ദൈവം പകർന്നു തരുന്ന ചില ആത്മീയ വരങ്ങളെക്കുറി ച്ചാണ് എഫേസ്യർ 4:8 ഉം റോമർ 12:6–8 ഉം പറയുന്നത്. [24]കെജെവിയിൽ വാക്യം 16–ൽ "ഉടനെ" എന്ന വാക്ക് ഇല്ല, എന്നാൽ പല പഴയ പുസ്തകങ്ങളിലും ആ അർത്ഥം വരുന്ന ഗ്രീക്കു വാക്ക് ഉപയോഗിച്ചിട്ടുണ്ട്. [25]ലൂയിസ്, 135. [26]ഒരു കാപ്പിപാത്രത്തിലോ, അല്ലെങ്കിൽ പായക്കടിയിലോ ഒരു ജാറിൽ കഴിഞ്ഞകാലത്ത് പണം സൂക്ഷിച്ചു വെച്ച ആരെയെങ്കിലും നിങ്ങൾക്കറിയാമോ? അങ്ങനെയെങ്കിൽ ഈ ചിത്രീകരണം ഉപയോഗിക്കാം. [27]പീറ്റർമാൻ; റോബർട്ട് എച്ച്. മൗൺസ്, *ന്യൂ ഇന്റർ നാഷണൽ ബിബ്ലിക്കൽ കമന്ററി മാത്യു* (പിത്തോടി, മാസ്.: ഹെൻട്രിക്സൻ പബ്ലിഷേസ് 1991), 234. [28]നിങ്ങളുടെ ശ്രോതാക്കൾക്ക് "ബി" യോ ടുകൂടിയ പാശ്ചാത്യ സിനിമ പരിചയമുണ്ടെങ്കിൽ പറയാം, "ക്രിസ്തു അവന്റെ വെള്ള ത്തൊപ്പി മാറ്റി കറുത്ത തൊപ്പി അണിയിച്ചു." [29]സാദ്ധ്യമായ എല്ലാ സാഹചര്യങ്ങളും സ്പർശിക്കുവാൻ ഒരു ഉപമക്കും കഴിയുകയില്ല. ഈ ഉപമയിൽ, ഒരു–താലന്ത് ലഭിച്ച യാൾ അത് ഉപയോഗിച്ചില്ല. യഥാർത്ഥ ജീവിതത്തിൽ പലപ്പോഴും അഞ്ച് താലന്ത് ലഭിച്ച മനുഷ്യൻ അല്ലെങ്കിൽ രണ്ട് താലന്ത് ലഭിച്ച മനുഷ്യൻ തന്റെ എല്ലാ താലന്തുകളും ഉപ യോഗിച്ചില്ലെങ്കിൽ പരാചയപ്പെടും ഇത് കൂടുതൽ വഞ്ചനാത്മകമാകും: അഞ്ച് താലന്ത് ലഭിച്ച മനുഷ്യൻ അതിൽ നാലെണ്ണം മാത്രമാണ് ഉപയോഗിച്ചിരുന്നതെങ്കിൽ അവൻ കർത്താവിനെ വിശ്വസ്തമായി സേവിച്ചിരുന്നു എന്ന് *കാണിക്കുവാൻ* കഴിയും. [30]എല്ലാ സാഹചര്യത്തേയും നേരിടുവാൻ ഒരു ഉപമക്കും സാധ്യമല്ല എന്നുള്ള മറ്റെരു ഉദാഹ രണം ഇതാണ്. ഈ ഉപമയിൽ, അഞ്ച്–താലന്ത് ലഭിച്ച മനുഷ്യനും രണ്ട്–താലന്ത് ലഭിച്ച മനുഷ്യനും (ലോകം വിജയമെന്ന് നിർണയിക്കുന്ന രീതിയിൽ) വിജയികളായിരുന്നു, എന്നാൽ ദൈവം നമുക്ക് നൽകിയ വരങ്ങളെ ഉപയോഗിക്കുമ്പോൾ എപ്പോഴും അങ്ങനെ സംഭവിക്കില്ല. ദൈവം നമുക്കു നൽകിയ കല്പന നാം വിശ്വസ്തതയോടെ ചെയ്യുമ്പോൾ അവൻ നമ്മെ "വിജയി" ആയികാണുന്നു.

[31]റാത്തലിന്റെ ഉപമയിലേതുപോലെ, "അൽപ്പത്തിൽ", എന്നത് "അൽപ്പം" എന്ന വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നത് അവന്റെ ആശ്രയമനുസരിച്ചാണ്. [32]കെജെവിയിൽ "റൂളർ ഓവർ," എന്നത് അല്പം ശക്തമായ ഒന്നായേക്കാം. മൂല ഗ്രന്ഥത്തിൽ "ഐ ഹാവ് സെറ്റ് യൂ ഓവർ" എന്നാണ്. [33]അടിമ–അല്ലാത്ത ഒരാൾക്ക് ഇത്തരം ആദരവ് നൽകുന്ന തിന്റെ ഉദാഹരണത്തിന്, 2 ശമുവേൽ 9:10 ഉം, സദൃശവാക്യങ്ങൾ 17:2 ഉം നോക്കുക. [34]ലൈറ്റ് ഫുട്, 80; റിച്ചാർഡ് സി. ട്രെഞ്ച് *നോട്ട്സ് ഓൺ ദ പാരബിൾസ് ഓഫ് അവർ ലോഡ്* (വെസ്റ്റ്വുട് എൻ ജെ.: ഫ്ലെമിങ്ങ് എച്ച് റവൽ കമ്പനി., 1953), 279. [35]പകർപ്പുദാഹ രണത്തിന് ലൂക്കൊസ് 13:3ഉം 13:5ഉം നോക്കുക. മറ്റൊന്ന് സദൃശവക്യങ്ങൾ 14:12 ഉം 16:25 ഉം. [36]ഒലാഫ് എം നോർലി, *ദ ന്യൂ ടെസ്റ്റ്മെന്റ്: എന്യൂ ട്രാൻസിലേഷൻ* (ഗ്രാന്റ് റാപ്പി ഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ് 1961). [37]നിങ്ങൾക്ക് വേണമെങ്കിൽ ഉദാഹരണങ്ങൾ നൽകാം. [38]എൻ എ എസ് ബിയിൽ "ഭീരുത്വം" എന്നാണ്. [39]ചിലപ്പോൾ ആളുകൾ പറയും "എനിക്ക് ആ വ്യക്തിയെപ്പോലെ [അല്ലെങ്കിൽ അത്], ഞാൻ ഒന്നും ചെയ്കയില്ല." [40]വെറുതേ ഇരിക്കുന്നതിനേയും അലസതയേയും ബൈബിൾ കുറ്റപ്പെടു ത്തുന്നു (സദൃശവാക്യങ്ങൾ 6:6; 31:27; സഭാപ്രസംഗി 10:18; 1 തിമൊഥെയൊസ് 5:13 നോക്കുക).

[41]ആർ എസ് വി ഈ പ്രസ്താവനക്കു ശേഷം ഒരു ചോദ്യചിഹ്നം ഉപയോഗിച്ചിരിക്കുന്നു. "അതുകൊണ്ട് *ഇങ്ങനെ*യാണോ നിങ്ങൾ എന്നെ കാണുന്നത്?" [42]കെജെവിയിൽ "ഇന്ററസ്റ്റ്" എന്നതിനു പകരം "അസറി". ഇന്നു "അസറി" എന്നതിനു മോശമായ പ്രസ്താവനയും ഗ്രീക്കുവേദപുസ്തകത്തിൽ കാണാത്തതുമാണ്; ഇപ്പോൾ "അസറി" എന്നതിനർത്ഥം "എക്സസ്സീവ്" അല്ലെങ്കിൽ "അൺ ലാഫുൾ ഇന്ററസ്റ്റ്." [43]ഉപമയിലെ ഈ വിശദാംശങ്ങൾ കാരണം ചില പണ്ഡിതന്മാർ വിചാരപ്പെടുന്നതിന്റെ കാരണം പഴയനിയമത്തിൽ സഹ യഹൂദന്റെ താൽപര്യത്തെ ഖണ്ഡിക്കുന്നത് പഴയനിയമം വിലക്കുക കൊണ്ടാണ് (പുറപ്പാട് 22:25; ലേവ്യാപുസ്തകം 25:35–37; ആവർത്തന പുസ്തകം 23:19, 20; സങ്കീർത്തനങ്ങൾ 15:5). എങ്ങനെയായാലും, ജാതിയിലുള്ള ഒരാളുടെ താൽപര്യത്തെ കുറ്റപ്പെടുത്തുന്നതും ന്യായപ്രമാണം വിലക്കുന്നില്ല (ആവർത്തന പുസ്തകം 23:20). നമുക്ക് ഇത് ഒരുപക്ഷേ പ്രാധാന്യമില്ലാത്ത വിശദാംശമായിരിക്കാം. ഒരു ഉപമയിൽ യേശു വിശദാംശം നൽകുമ്പോൾ അവൻ അതിനെ അംഗീകരിച്ചു എന്ന് അർത്ഥം വരുന്നില്ല (ലൂക്കൊസ് 16:8; 18:2). [44]മത്തായി 25:27–ൽ ഉപയോഗിച്ച ഗ്രീക്കു വാക്ക് "റ്റേബിൾ" എന്ന വാക്കിനുള്ളതാണ് (*ട്രാപ്പെറ്റസ*). മത്തായി 21:12 ലും, മർക്കൊസ് 11:15 ലും, യോഹന്നാൻ 2:15 ലും പൊൻ വാണിഭക്കാരുടെ മേശ എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്നത് ഇതിന്റെ വകഭേദമാണ്. [45]കെജെവിയിൽ "ദ ബാങ്ക്" അല്ലെങ്കിൽ "ബാങ്കേഴ്സ്" എന്നതിനു പകരം "ദ എക്സ്ചേഞ്ചേഴ്സ്" എന്നാണ്. [46]ഇന്നത്തെ ബാങ്കുകളെപ്പോലെ, അയാൾ മറ്റുള്ളവരിൽ നിന്നും കുറഞ്ഞ പലിശക്ക് നിക്ഷേപം സ്വീകരിക്കയും കൂടിയ പലിശക്ക് കടം കൊടുക്കുകയും ചെയ്യുന്നു. [47]കെജെവിയിൽ "പ്രയോജനമില്ലാത്ത " എന്നാണ്. അർത്ഥം ഒന്നു തന്നെ. [48]പീറ്റർമാനിൽ നിന്നാണ് ആ കറുത്ത രേഖ വരക്കുന്ന ചിത്രീകരണം. [49]നിങ്ങൾ ഇത് ഒരു പ്രസംഗമായി അവതരിപ്പിക്കുമ്പോൾ, എങ്ങനെ ക്രിസ്ത്യാനിയായി തീരാമെന്ന് ആളുകളോടു പറയണം (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38).